പി.ഡബ്ല്യു.ഡി. റോഡു വിഭാഗത്തിൽ ഒരു റബ്ബറൈസേഷൻ വിഭാഗം രൂപീകരിക്കുവാനും പോളിമർ ശാസ്ത്രത്തിൽ വൈദഗ്ധ്യം ഉള്ള കൺസൾട്ടന്റുമാരുടെ സേവനം വിനിയോഗിക്കുന്നതിനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

നിലവിലുള്ള സംവിധാനം ഫലപ്രദമാണെന്നതിനാൽ ഈ കാര്യം പരിഗണിച്ചിട്ടില്ല.

117 (1335) നബാർഡിന്റെ ധനസഹായം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ.കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിന് നബാർഡ് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ അതിനുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) 1997-98 മുതലുള്ള വർഷങ്ങളിൽ ഓരോ വർഷവും ഈ ഇനത്തിൽ നബാർഡിൽനിന്നും ലഭിച്ച തുക എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സാമ്പത്തികസഹായത്തിന്റെ തിരിച്ചടവിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നും പലിശനിരക്ക് എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) നബാർഡ് സഹായമുപയോഗിച്ച് ഓരോ ജില്ലയിലും ഏറ്റെടുത്തിട്ടുള്ള റോഡുകൾ എത്രയെണ്ണം വീതമാണെന്നും അതിന് എന്തു തുക വീതം ചെലവ് കണക്കാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഇ) നബാർഡ് സഹായത്തോടെ റോഡ് നിർമ്മാണം ഏറ്റെടുക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എഫ്) ഈ വിഭാഗത്തിലെ റോഡുകളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അധികാരം ആർക്കാണ്; തെരഞ്ഞെടുപ്പിൽ എന്തെങ്കിലും ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ)&(ഇ) ഉണ്ട്. ഈ വർഷം 17 റോഡുകൾക്ക് നബാർഡിൽനിന്ന് ധനസഹായത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. നബാർഡ് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

(ബി)

വർഷം	റോഡുകൾ	പാലങ്ങൾ
1997-98	ഇല്ല	1000 ലക്ഷം രൂപ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1998-99	ഇല്ല	2061.50 ലക്ഷം രൂപ
1999-2000	30 ലക്ഷം രൂപ	1624.25 ലക്ഷം രൂപ

(സി) ഉണ്ട്. നബാർഡിന്റെ ആർ.ഐ.ഡി.എഫ് II, III, IV എന്നീ പദ്ധതികളിൽ ലഭിച്ച തുകയ്ക്ക് ധനസഹായം ലഭിച്ച തീയതി മുതൽ രണ്ടു വർഷ കാലാവധിയിളവുൾപ്പെടെ തുല്യവാർഷിക ഗഡുക്കളായി അഞ്ചു വർഷ കാലാവധിയും, ആർ.ഐ. ഡി.എഫ്. V പദ്ധതിക്ക് രണ്ടു വർഷകാലാവധിയിളവുൾപ്പെടെ തുല്യ വാർഷിക ഗഡുക്കളായി ഏഴുവർഷ കാലാവധിയുമാണുള്ളത്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പ്രകാരമുള്ള സാമ്പത്തിക സഹായത്തിന് 12% വാർഷിക പലിശയാണുള്ളത്.

(ഡി)

	ജില്ല	എണ്ണം	പ്രതീക്ഷിക്കുന്ന ചെലവ്
1.	കൊല്ലം	2	240.72 ലക്ഷം രൂപ
2.	പത്തനംതിട്ട	3	258.33 ലക്ഷം രൂപ
3.	ആലപ്പുഴ	1	98.34 ലക്ഷം രൂപ
4.	കോട്ടയം	3	744.70 ലക്ഷം രൂപ
5.	ഇടുക്കി	1	307.68 ലക്ഷം രൂപ
6.	എറണാകുളം	1	58.52 ലക്ഷം രൂപ
7.	പാലക്കാട്	3	386.23 ലക്ഷം രൂപ
8.	കോഴിക്കോട്	2	273.22 ലക്ഷം രൂപ
9.	കാസർഗോഡ്	1	84.76 ലക്ഷം രൂപ

(എഫ്) റോഡുകളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പൂർണ്ണമായ അധികാരം നബാർഡിനാണ്. റോഡുകളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

118 (1336) റോഡുകളുടെ നില മെച്ചപ്പെടുത്തൽ

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നില മെച്ചപ്പെടുത്തുന്നതിനും മഴവെള്ളം ഒലിച്ചു പോകുന്നതിനും ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതികളുടെ വിശദവിവരം വ്യക്തമാക്കുമോ;

(സി) പുതിയ പദ്ധതിപ്രകാരം എവിടെയെല്ലാം റോഡുകൾ നന്നാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) റോഡുകളുടെ ഉപരിതലം മെച്ചപ്പെടുത്താൻവേണ്ടി പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. 20 മി.മീ. കനത്തിലുള്ള ചിപ്പിംഗ് കാർപ്പറ്റിനു പകരം 40 മി.മീ. കനത്തിലുള്ള ബിറ്റുമിൻ കോൺക്രീറ്റ്, 8/100 ഗ്രേഡ് ബിറ്റുമിനുപകരം കൂടുതൽ ഈടുള്ള 60/7 ഗ്രേഡ് ബിറ്റുമിൻ, റബ്ബറൈസ്ഡ് ബിറ്റുമിൻ എന്നിവ ഉപയോഗിച്ച് റോഡു

LIBRARY ARCHIVES Kerala Legislative Assembly